# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

സേവനാവകാശ നിയമം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 4128. 20.03.18- ൽ മറുപടി നൽകേണ്ടത്

| | ചോദ്യം<br>ശ്രീ.അബ്ദുൽ ഹമീദ് പി.<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | തദ്ദേശസ്വയംഭരണ വകുപ്പിൽ സേവനാവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ടോ;വിശദാംശം വെളിപ്പെടുത്തുമോ; | (എ) | ഉണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ 26/04/13-ലെ ജി2-31289/13 നമ്പർ പ്രകാരം പഞ്ചായത്ത് ഡയറക്ടർ ഓഫീസിൽ 3 സേവനങ്ങളും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ 7 സേവനങ്ങളും ഗ്രാമപഞ്ചായത്തുകളിൽ 16 സേവനങ്ങളും സമയപരിധി, അപ്പലേറ്റ് അതോറിറ്റി എന്നിവ നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നഗരകാര്യ വകുപ്പിലും, നഗരകാര്യ വകുപ്പിന് കീഴിൽ വരുന്ന നഗരസഭകളിലും സേവനാവകാശ നിയമം നടപ്പിലാക്കി നഗരകാര്യ ഡയറക്ടറുടെ 27/04/2013-ലെ ജി3-11252/2012 നമ്പർ ഉത്തരവ് പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പൗരന്മാർക്ക് ലഭിക്കേണ്ട സേവനങ്ങൾ സംബന്ധിച്ച ചാർട്ടുകൾ പ്രദർശിപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ, അവ ലഭ്യമാകുന്നതിന് അനുവദിച്ചിട്ടുള്ള സമയക്രമം എന്നിവ അടങ്ങുന്ന ബോർഡുകൾ പ്രദർശിപ്പിച്ചിട്ടുണ്ട്. |
| (സി) | സേവനാവകാശ നിയമം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കർശനമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | സേവനാവകാശ നിയമം അനുശാസിക്കുന്ന സേവനങ്ങൾ സമയബന്ധിതമായി പൗരന്മാർക്ക് ലഭ്യമാക്കുന്നതിനും ആയത് വിലയിരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ